# മാനവരിൽ മഹോന്നതൻ

[ Malayalam - മലയാളം - مليالم ]

﴿ محمد صلى الله عليه وسلم هو اعظم البشر ﴾


വിവർത്തനം: മുഹമ്മദ് കുട്ടി-കടന്നമണ്ണ,

ترجمة / محمد كوتي أبو بكر.

പരിശോധന: അബ്ദുല്ല ജമാലി

مراجعة /عبد الله جمالى



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

## മുഹമ്മദ് നബി(ﷺ) ചരിത്ര സംഗ്രഹം

മുഹമ്മദ്(ﷺ) എന്നാണദ്ദേഹത്തിന്റെ നാമം. ഖുറൈശി ഗോത്രത്തിൽ ഹാശിം കുടുംബത്തിൽ അബ്ദുൽ മുത്വലിബിന്റെ മകൻ അബ്ദുല്ലയുടെയും, വഹബിന്റെ മകൾ ആമിനയുടെയും പുത്രനായാണ് അദ്ദേഹം ജനിച്ചത്. മാതാവിന്റെയും പിതാവിന്റെയും പിതൃപരമ്പര ഇബ്റാഹിം(ﷺ)യിലേക്ക് എത്തിച്ചേരുന്നു. ക്രിസ്താബ്ദം 571 -ൽ മക്കയിലാണദ്ദേഹത്തിന്റെ ജനനം. തന്റെ സമൂഹത്തിൽ 'അൽ അമീൻ' (വിശ്വസ്തൻ,സത്യവാൻ) എന്നാണദ്ദേഹം അറിയപ്പെട്ടത്. അദ്ദേഹം ജനങ്ങൾക്ക് നന്മ ആഗ്രഹിക്കുന്നവനായിരുന്നു.നാൽപ്പത് വയസ്സുള്ളപ്പോൾ അദ്ദേഹത്തിന് ദിവ്യ വെളിപാടുണ്ടായി. പേടിച്ചരണ്ട അദ്ദേഹത്തെ ഭാര്യ ഖദീജ(ﷺ) ആശ്വസിപ്പിച്ചു. ഇല്ല, അല്ലാഹുവാണ് സത്യം. താങ്കൾ കുടുംബ ബന്ധം ചേർക്കുന്നു, മറ്റുള്ളവരുടെ ഭാരം ഏറ്റെടുക്കുന്നു, ഇല്ലാത്തവനെ സഹായിക്കുന്നു, അല്ലാഹു അങ്ങയെ ഒരിക്കലും നിന്ദിക്കുകയില്ല. ഇതൊരു സാക്ഷ്യമാണ്.

അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ആളുകളെ ക്ഷണിച്ചു കൊണ്ട് അദ്ദേഹം മക്കയിൽ 13 വർഷം  കഴിച്ചുകൂട്ടി. ശേഷം മദീനയിലേക്ക് പാലായനം ചെയ്തു. മദീനാവാസികൾ മുസ്ലിംകളായി. മതത്തിന്റെ മറ്റു നിയമ നിർദ്ദേശങ്ങളെല്ലാം അവതരിക്കപ്പെട്ടു. ഹിജ്റ 8-ാം വർഷം മക്ക അദ്ദേഹത്തിന് കീഴ്പ്പെട്ടു.63-ാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു. ഇതിനിടക്കായി വിശുദ്ധ ഖുർആനും, ഇസ്ലാമിന്റെ മുഴുവൻ നിയമ സംഹിതകളും പൂർണ്ണമായും അദ്ദേഹത്തിന് അവതീർണ്ണമായിക്കഴിഞ്ഞിരുന്നു. അറബികൾ ഒന്നടങ്കം ഇസ്ലാമിൽ പ്രവേശിച്ചു. പിന്നീട് ഇസ്ലാം മറ്റു 'ഖണ്ഡങ്ങളിലേക്കു കൂടി വ്യാപിച്ചു. ലോകത്തിന്റെ പകുതിയോളം ഇസ്ലാമിക ഭരണത്തിനു കീഴിലായി.

# മുഹമ്മദ് (ﷺ) മാനവരിൽ മഹോന്നതൻ

നിഷ്പക്ഷമതികളായ ഏതൊരാളും മുഹമ്മദ് നബി(ﷺ) ദൈവ ത്തിന്റെ പ്രവാചകനാണെന്ന വസ്തുത അംഗീകരിക്കാൻ നിർബന്ധി തരാണ്. അതൊരു എതിർ പക്ഷക്കാരന്റേതാകുമ്പോൾ കുടുതൽ ശ ക്തവും പ്രബലവുമായിരിക്കും. കാരണം എല്ലാ വശങ്ങളും ചിക്കിച്ചി കഞ്ഞാലോചിച്ച് ബോധ്യം വന്നതിന് ശേഷമാണല്ലോ എതിരാളി അഭി പ്രായം പറയുക. പ്രശസ്ത യൂറോപ്യൻ തത്വചിന്തകനും ചരിത്ര കാരനുമായിരുന്ന ‘‘തോമസ് കാർലൈൽ’’ *"On Heroes, Hero-Worship, and the Heroic in History"*എന്ന തന്റെ കൃതിയിൽ മുഹമ്മദ് നബി(ﷺ) യെപ്പറ്റി എഴുതിയ ഭാഗങ്ങളാണ് ഇവിടെ കൊടുക്കുന്നത്.

‘ഞാൻ ശ്രവിച്ചിട്ടുള്ള വാർത്തകളിൽ ഏറ്റവും അപരാധതരവും അപഹാസ്യവുമായ ഒന്നത്രെ, ശത്രുക്കൾ ചിത്രീകരിക്കുന്ന മുഹമ്മദും (ﷺ)അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഇസ്ലാമും. അസത്യവാദ ജഡില വും, അപമതിക്കപ്പെട്ടുള്ളതുമാണത്. അവാസ്തവമായ ഇത്തരം പ്രസ് താവനകളെ നിരാകരിക്കേണ്ടതും പ്രതിരോധിക്കേണ്ടതും നമ്മുടെ ബാധ്യതയാണ്.’

‘ഇരുപത് കോടിയിലധികം വരുന്ന ഒരു വമ്പിച്ച ജനസഞ്ചയം 12 നൂറ്റാണ്ടിലധികം കാലമായി തങ്ങളുടെ നേതാവും മാർഗ ദർശകനുമാ യി അദ്ദേഹത്തെ അംഗീകരിച്ച് പോരുന്നു.അവരുടെ മനതാരിൽ അദ്ദേ ഹം പ്രകാശ ഗോപുരമായി കത്തിജ്വലിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹ ത്തിന് വേണ്ടി ജീവാർപ്പണം ചെയ്യാൻ അവർ തയ്യാറാവുന്നു. ഇത്തര ത്തിലുള്ള ഒരു വ്യക്തി കള്ളവാദിയാണെന്നും ഈ ജനകോടികൾ പി ന്തുടർന്ന് പോരുന്ന പ്രത്യയശാസ്ത്രം കേവലം അസത്യ വാദമുഖങ്ങ ളാൽ പടുത്തുയർത്തപ്പെട്ടതാണെന്നും പറഞ്ഞാൽ വിശ്വസിക്കാൻ ആർക്കെങ്കിലും സാധിക്കുമോ, എനിക്ക് ഒരിക്കലും സാധ്യമേയല്ല.’

‘ഇത്രയും വലിയ ജനസഞ്ചയം നൂറ്റാണ്ടുകളായി തങ്ങളുടെ ജീ വിത പാന്ഥാവായി സ്വീകരിച്ചു പോരുന്ന മതം കേവലം കള്ളവും കൊള്ളരുതാത്തതുമാണെന്ന് പറയുന്നതിലുള്ള അനൗചിത്യം ഒന്നോ ർത്തു നോക്കുക. അപ്പോൾ അവരെല്ലാം ഭ്രാന്തന്മാരും പരമ വിഡ്ഢി

കളുമാണെന്ന് സമ്മതിക്കേണ്ടി വരില്ലേ. എന്തു മാത്രം പരിഹാസ്യമാണത്. അവരോട് കരുണകാണിക്കുക.'

'ഇത്രയും ബാലിശവും അസത്യവുമായ ഒരു വാർത്ത ലോകം ഇ ന്നേവരെ ശ്രവിച്ചിട്ടില്ല. അസത്യവാദിയോ മാനസികരോഗിയോ ആയ ഒരു മനുഷ്യൻ ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വ്യാപിച്ചു കിടക്കുന്ന ഒരു പ്രത്യയശാസ്ത്രത്തിന്റെ ഉപജ്ഞാതാവാണെന്ന് പറയുന്നത് വിശ്വസിക്കാനാകുമോ?'

'14 നൂറ്റാണ്ട് കാലം ഇരുപത് കോടി ജനങ്ങൾ പിന്തുടർന്ന് പോരുന്ന ഒരു മതം പടുത്തുയർത്തിയത് ഒരു അസത്യവാദി ആയിരുന്നുവെങ്കിൽ അതെന്നോ പൊളിഞ്ഞു വീണ് തരിപ്പണമായേനേ.സ്ഥാനമാനങ്ങൾക്കും നേതൃത്വത്തിനും വേണ്ടി യുക്തിയും തന്ത്രവും ഉപയോഗിച്ച് ഒരു മതം പടുത്തുയർത്തിയ കള്ള പ്രവാചകനാണ് മുഹമ്മദ്(ﷺ) എന്ന് പറയുന്നത് പരിഹാസ്യവും ലജ്ജാകരവുമാണ്. മുഹമ്മദ്(ﷺ) പ്രബോധനം ചെയ്ത പ്രത്യയശാസ്ത്രം വ്യക്തമായ യാഥാർത്ഥ്യങ്ങളാണ്. അദ്ദേഹത്തിന്റെ പ്രവചനങ്ങൾ പകൽ വെളിച്ചം പോലെ തെളിഞ്ഞതുമാണ്. മുഹമ്മദ്(ﷺ) കള്ളവാദിയോ മാനസികരോഗിയോ ആയിരുന്നില്ല. അങ്ങിനെ വാദിക്കുന്നവരുടെ മുനയൊടിക്കാൻ മാത്രം അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം കിടയറ്റതാണ്.'

'ഒരു പ്രധാന വസ്തുത നാം മറന്നുകളയരുത്. മുഹമ്മദ്(ﷺ) ഏതെങ്കിലും ഗുരുവിന്റെ ശിഷ്യനായിട്ടില്ല. അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന അറബ് ലോകം വിദ്യാഹീനരും നിരക്ഷരകാരികളുമായിരുന്നു. നിലവിലുള്ളതോ മുൻ കഴിഞ്ഞതോ ആയ ഒരു മതവുമായും അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നില്ല. ആകയാൽ മുഹമ്മദ്(ﷺ), ഇരുളിൽ തപ്പിത്തടയുന്ന മാനവർക്ക് മാർഗദർശനം നൽകാൻ യുഗാന്തരങ്ങളിലൂടെ അവതീർണ്ണരായ പ്രവാചകന്മാരെപ്പോലെയുള്ള ഒരു ദൈവിക ദൂതൻ തന്നെയാണ്.'

'ഒരു പ്രവാചകന് ഉണ്ടായിരിക്കേണ്ട സർവ്വവിധ ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിട്ടുണ്ട്. സ്ഥൈര്യത, ധീരത, നിശ്ചയധാർഢ്യത, ഉദാരത, ഗാംഭീര്യം, ലാളിത്യം, ദയ, കാരുണ്യം, പൗരുഷം, സൂക്ഷ്

മത, നിതാന്ത ജാഗ്രത, ബുദ്ധികൂർമ്മത, കാര്യക്ഷമത, ഉത്തരവാദിത്ത ബോധം, മുഖപ്രസന്നത, കരാർ പാലനം, സത്യസന്ധത, പ്രതിബദ്ധത, സൗമ്യത, ആഥിത്യ മര്യാദ, പ്രജാവത്സത തുടങ്ങി സകലമാന സൽഗുണ സമ്പന്നനായിരുന്നു അദ്ദേഹം. സത്യവാദിയായ ഒരാളുടെ മനസ്സിൽ മാത്രമേ ഇത്തരം സൽഗുണങ്ങൾ സമ്മേളിക്കുകയുള്ളു. കള്ളനും അസത്യവാദിയുമായവൻ സദാ വ്യാകുല ചിത്തനും ഭീരുവും, വിവർണ്ണ മുഖനുമായിരിക്കും.'

'നീതിമാൻ, ബുദ്ധിശാലി, ശുദ്ധപ്രകൃതി, അനിതര സാധാരണ വ്യക്തിത്വം, അശരണരോടും അഗതികളോടും അനുകമ്പ, പരോപകാരി, മാന്യമായ പെരുമാറ്റം, കഷ്ടപ്പെടുന്നവന്റെ സഹായി, സർവ്വോപരി വെളിച്ചം തേടുന്നവർക്ക് ദീപ്തിയേകുന്ന പ്രകാശ ഗോപുരം എല്ലാമെല്ലാമായിരുന്നു ആ ധന്യജീവിതം. പാഠശാലകളോ ഗുരുവര്യരോ അദ്ദേഹത്തിന് ശിക്ഷണം നൽകിയിരുന്നില്ല എന്നത് വളരെ പ്രസക്തമാണ്. എന്നിട്ടും സ്വജനപക്ഷവാദികളായ ക്രൈസ്തവരും ദൈവ നിഷേധികളും പറയുന്നു മുഹമ്മദ്(ﷺ) കള്ളപ്രവാചകനാണെന്ന്. പ്രശസ്തിയും, സ്ഥാനമാനങ്ങളും, ഭരണ നേതൃത്വവുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്ന്. ഇതെന്തൊരു വിരോധാഭാസമാണ്?.'

'ആ മരുഭൂമിയുടെ പുത്രൻ ശുദ്ധ പ്രകൃതിക്കാരനും തെളിമയാർന്ന മനസ്സിന്റെ ഉടമയും നന്മയുടേയും ജ്ഞാനത്തിന്റെയും നിറകുടവുമായിരുന്നു. ഭൗതികാഢംബരങ്ങൾ ആ ജീവിതത്തിന് അന്യമായിരുന്നു. അധികാരവും ആഢ്യത്വവും ആ വിനയത്തിന്റെ മൂർത്തീഭാവത്തിന് ലക്ഷ്യമേ ആയിരുന്നില്ല. തികച്ചും നിഷ്കളങ്കമായ ഉന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അധർമ്മങ്ങൾക്ക് കൂട്ടുനില്ക്കാനോ യുക്തിരഹിതമായ വിശ്വാസാചാരങ്ങൾ വെച്ചു പുലർത്താനോ കൂട്ടാക്കിയിരുന്നില്ല.'

'ഉന്നതമായ ആത്മീയ ചൈതന്യത്താൽ മുഹമ്മദ്(ﷺ) തികച്ചും ഒ റ്റയാനായിരുന്നു. പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളോടുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അദ്ദേഹത്തെ സമകാലീനരിൽ നിന്ന് വ്യതിരിക്തമാക്കിയിരുന്നു. ഉലകത്തിന്റെ ഉണ്മയുടെ രഹസ്യം അദ്ദേഹത്തിന്റെ കണ്ണുകളിലൂടെ പ്രസരിക്കുമാറ് ഭക്തിപൂർണ്ണവും ചൈതന്യവുമായിരുന്നു ആ ജീവിതം. ഈ ആത്മീയ ചൈതന്യത്തെ കളങ്കപ്പെടുത്താനോ

തടഞ്ഞുവെക്കാനോ ചുറ്റും നടക്കുമായിരുന്ന തിന്മയുടെ കരാള ഹസ്തങ്ങൾക്ക്  സാധിച്ചിരുന്നില്ല. അത്യുൽകൃഷ്ടമായ ചൈതന്യം അദ്ദേഹത്തിന്റെ നാക്കിന് ശക്തി പകരുമായിരുന്നില്ല. ഇത്തരത്തിലുള്ള ശുദ്ധ പ്രകൃതം ദിവ്യ വെളിപാടിനാൽ പ്രശോഭിതമായിട്ടേ ഉണ്ടാവുകയുള്ളു. അദ്ദേഹം നാവെടുക്കുമ്പോൾ കാതുകൾ കൂർപ്പിച്ച് കേൾക്കുന്ന ഒരു അനുയായി വൃന്ദം, അദ്ദേഹത്തിൽ നിന്ന് കേട്ടവ മുഴുവനും മുത്തുമണികൾ കണക്കെ കാത്തുസൂക്ഷിക്കുന്നു. മറ്റേത് അപസ്വരങ്ങൾക്കും  അവരുടെ മുമ്പിൽ സ്ഥാനമുണ്ടായിരുന്നില്ല. അവരുടെ ജന്മസാഫല്യം അദ്ദേഹമാണെന്ന് തോന്നും വിധമായിരുന്നു ആ അനുയായി വൃന്ദങ്ങളുടെ അവസ്ഥ.'

'ഇത്തരത്തിലുള്ള ഒരു പുണ്യവാളൻ കള്ളപ്രവാചകനാണെന്ന് പെരുമ്പറയടിക്കുന്നവർ ഈ ലോകത്തിന്നപമാനമാണ്. ഏറ്റവും വലിയ വിഡ്ഢിത്തം. ഇത്തരം ജൽപ്പനങ്ങളിൽ നിന്ന് നമുക്ക് മുക്തരാകാം.'

'മുഹമ്മദ്(ﷺ) പ്രബോധനം ചെയ്ത മതം, ബിംബാരാധകരായിരുന്ന അറേബ്യൻ ജനതയുടെ മനസ്സിനെ മാറ്റിയെടുക്കുകയും അവരുടെ ജീവിത വിജയത്തിന്റെ നിദാനമായിത്തീരുകയും ചെയ്ത ആ പ്രത്യയ ശാസ്ത്രം, അത് സത്യം തന്നെയാണ്. അംഗീകരിക്കാൻ ഏറ്റവും അർ ഹതപ്പെട്ടതാണത്. ഈ നിയമ സംഹിത മാത്രമാണ് മാനവരാശിക്ക് സ്വീകരിക്കാൻ പറ്റിയതായി ഇന്ന് ലോകത്തുള്ളത്. ലോകത്ത് പ്രചരി പ്പിക്കപ്പെട്ട സർവ്വമതങ്ങളുടെയും സാരാംശവും സത്തയുമെല്ലാം ഒന്ന് തന്നെയാണ്. അവയുടെ ആത്മചൈതന്യം ഒന്ന് തന്നെ. മുഹമ്മദ്(ﷺ) പ്രബോധനം ചെയ്ത ഈ മതത്തിന്റെ ആത്മചൈതന്യവും അതു തന്നെയാണ്. ഈ മതത്തെ അവലംബിക്കുകയും അതിലൂടെ ആത്മീയ ചൈതന്യം പുൽകുകയും ചെയ്തവൻ ഈ പ്രപഞ്ചമാകുന്ന ധ്യാനമണ്ഡപത്തിലെ ആത്മ വിശുദ്ധി നേടിയ ആരാധകനാകുന്നതാണ്. സ്രഷ്ടാവിന്റെ വിധി വിലക്കുകൾ മാനിച്ചുകൊണ്ട് അവന്റെ ഹിതത്തിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തിയ ആത്മീയ നേതാവായി അവൻ പരിവർത്തിക്കപ്പെടുകയാണ് ചെയ്യപ്പെടുന്നത്. അസത്യ ജഡിലങ്ങളായ മതാചാരങ്ങളും വിശ്വാസങ്ങളും കൊടികുത്തി വാണിരുന്ന ഒരു യുഗത്തിലാണ് ഇസ്ലാം തേരോട്ടം നടത്തിയത്. ഇസ്ലാമിന്റെ യുക്തിപൂർണ്ണവും സത്യസന്ധ

വുമായ വാദമുഖങ്ങൾക്ക് മുമ്പിൽ പിടിച്ച് നില്ക്കാൻ സാധിക്കാതെ മറ്റുള്ള മതസിദ്ധാന്തങ്ങൾ കടപുഴകി വീഴുന്ന കാഴ്ച്ച യാണ് ലോകം ദർശിച്ചത്. ഇസ്ലാം ശക്തി പ്രാപിക്കുന്തോറും അറേബ്യ യിലെ അന്ധ വിശ്വാസികളും ക്രൈസ്തവ സഭകളുടെ അബദ്ധ ജഡിലങ്ങളായ വിശ്വാസാചാരങ്ങളും എന്ന് വേണ്ട അസത്യത്തിൻ മേൽ പടുത്തുയർ ത്തപ്പെട്ട സകല ചിന്താധാരകളും തകരുകയും അവിടെ ഇസ്ലാമിക വിശ്വാസാചാരങ്ങൾ സ്ഥാനം പിടിക്കുകയുമാണുണ്ടായത്.'

'ഇതൊരു മാന്ത്രികന്റെ വേലയായിരുന്നുവെന്ന് പറയാനുള്ള ധൈര്യം അവർ കാണിക്കുകയാണോ? അല്ല. അല്ലേയല്ല. ശുദ്ധപ്രകൃ തി, തെളിമയാർന്ന മനസ്സ്, പ്രകാശമയമായ ചിന്താധാര, സത്യത്തിലേ ക്ക് വഴി നടത്തുന്ന സാരോപദേശങ്ങൾ, ഇതൊരു മാന്ത്രികന്റെ വേല കളാണെന്ന് പറയാൻ സാധിക്കുമോ?. ആ ജീവിതം ധന്യമായിരുന്നു. പ്രപഞ്ച യാഥാർത്ഥ്യങ്ങളെന്ന പോലെ ആ പ്രവാചകന്റെ ദിവ്യവെളി പാടും യാഥാർത്ഥ്യമായി പുലർന്നതാണ്.'

'മുഹമ്മദി(ﷺ)ന്റെ ജീവിതത്തിലെ ഇത്തരം അത്യുത്തമ മാതൃകകൾ മാനവതക്ക് മാതൃകയായി അംഗീകരിക്കാൻ നമ്മെ നിർ ബന്ധി ക്കുന്നു. മാനവരാശിക്ക് അനുകമ്പയാർന്ന ഒരു സഹ യാത്രിക നാണദ്ദേഹം കാരുണ്യക്കടലായ സഹോദരൻ, മനുഷ്യ പുത്രൻ.'

'ഞാൻ മുഹമ്മദി(ﷺ)നെ സ്നേഹിക്കുന്നു. കാരണം അദ്ദേഹം കൃത്രിമം തീണ്ടാത്ത ശുദ്ധ പ്രകൃതക്കാരനാണ്. ആ മരുഭൂമിയുടെ പു ത്രൻ സ്വതന്ത്രാഭിപ്രായത്തിന്റെ ഉടമയായിരുന്നു. സ്വന്തം മനസ്സാക്ഷി ക്ക് യോജിച്ചതേ അദ്ദേഹം പറയാറുണ്ടായിരുന്നുള്ളു. മനസ്സാക്ഷിക്ക് വിരുദ്ധമായി ഒന്നും ആ ജീവിതത്തിൽ ദൃശ്യമല്ല. അദ്ദേഹം ഒരു അ ഹംഭാവിയായിരുന്നില്ല. പക്ഷെ നിന്ദ്യനോ അന്തസ്സാരശൂന്യനോ അതു മായിരുന്നില്ല. റോമാ പേർഷ്യൻ ചക്രവർത്തിമാരോട് തന്റെ സ്വതസി ദ്ധവും സ്വതന്ത്രവുമായ ശൈലിയിൽ അലേശം ഭീതികൂടാതെ അദ്ദേ ഹം സംസാരിക്കുമായിരുന്നു. ഈ ജീവിതത്തിനും പരലോക ജീവിത ത്തിനും ആവശ്യമായതിലേക്ക് അവരെ മാർഗദർശനം ചെയ്തി രുന്നു.'

സ്വഭാവ മഹിമയിൽ തന്റെ വ്യക്തിത്വത്തിന്റെ വ്യതിരിക്തത അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. ശത്രു സൈന്യത്തെ നേരിടുന്നതിൽ സ്ഥൈര്യവും ധൈര്യവും പ്രകടിപ്പിക്കുന്നതോടൊപ്പം ദീനദയാലുവും വിനയാന്വിതനും വിട്ടുവീഴ്ചാ മനസ്ഥിതിക്കാരനുമായിരുന്നു അദ്ദേഹം. കഴിഞ്ഞതിനെപ്പറ്റി ഖേദിക്കേണ്ട ഒരവസ്ഥ ആ ജീവിതത്തിലുണ്ടായിരുന്നില്ല. നേടുന്നതിനെപ്പറ്റി അഹങ്കരിക്കുക എന്നതും അദ്ദേഹത്തിനന്യമായിരുന്നു. വ്യർത്ഥത മുഹമ്മദി(ﷺ)ൽ ദൃശ്യമായിരുന്നില്ല. നിരർത്ഥകമായ വാക്കുകളോ പ്രവർത്തികളോ, അദ്ദേഹത്തിൽ നിന്നുണ്ടായില്ല. വിജയപരാജയങ്ങളുടെ ഹേതുവെപ്പറ്റിയും, നശിച്ചുപോകുന്നതും ഒരിക്കലും നശിക്കാത്തതുമായ ജീവിതത്തെപ്പറ്റിയുമായിരുന്നു അദ്ദേഹം അരുളിയിരുന്നത്. തികഞ്ഞ ആത്മാർത്ഥതതയും കറകളഞ്ഞ നിഷ്കളങ്കതയുമാണ് അദ്ദേഹത്തിന്റെ വാക്കിലും പ്രവർത്തിയിലും പ്രകടമായിരുന്നത്.'

'പൊയ്‌വാക്കുകളോ ഹാസ്യപ്രകടനങ്ങളോ അദ്ദേഹത്തിൽ നിന്നുണ്ടായില്ല. അത്തരം കാര്യങ്ങൾ വളരെ കുറ്റകരമായി ഞാൻ കാണുന്നു. അവ ചഞ്ചലമായ മനസ്സിന്റെ ചാപല്യങ്ങളാണ്. യാഥാർത്ഥ്യങ്ങളിൽ നിന്നും വഴുതിമാറി ഭാവനാ ലോകത്ത് ജീവിക്കുന്ന മനസ്സിന്റെ ദൗർബല്യങ്ങളാണ്. കാര്യഗൗരവമുള്ള ഒരാളിൽ നിന്നും അതുണ്ടാവാൻ പാടില്ലാത്തതാണ്.'

'ഇസ്ലാമിൽ ഏറ്റവും ഉദാത്തമായ ഒന്നായി ഞാൻ കാണുന്നത് അ തിലുള്ള മാനുഷിക സമത്വമാണ്. ഏറ്റവും ഉൽകൃഷ്ടമായൊരു വീക്ഷ ണമാണിത്. വിശ്വാസികൾ ഭൂമുഖത്ത് എവിടെ താമസിച്ചാലും ഇസ്ലാമിക ദൃഷ്ട്യാ ഏകോദര സഹോദരങ്ങളാണ്.'

'ഈ ദിവ്യഒളി ലോകത്തിന്റെ നാനാഭാഗത്തും വ്യാപിച്ചു. ചക്രവാളങ്ങളെ അത് പുൽകി.കിഴക്കും പടിഞ്ഞാറും അത് മാറ്റൊലി കൊണ്ടു. നൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും ഇന്ത്യയിലും സ്പെയിനിലും അതിന്റെ വക്താക്കളുണ്ടായി. നീണ്ട നൂറ്റാണ്ടുകൾ ഇസ്ലാമിക ഭരണം ലോകത്തിന്റെ പകുതി ഭാഗം വാണരുളി. സത്യസന്ധതയുടെ, നന്മയുടെ, ക്ഷേമത്തിന്റെ, നീതിയുടെ സൽഭരണം അവിടെയെല്ലാം കാഴ്ച വെക്കപ്പെട്ടു.'

## മുഹമ്മദ് (ﷺ) അതുല്യ വ്യക്തിത്വം

ഫ്രഞ്ച് ചരിത്രകാരനും, ഭിഷഗ്വരനുമായ ഡോ. ജി. ലെബോൻ, 'അറേബ്യൻ നാഗരികത' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: 'ഏറ്റവും ഉൽകൃഷ്ടമായ പ്രവർത്തനങ്ങൾ നടപ്പാക്കിയ വ്യക്തികളെ അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നാം അളക്കുമ്പോൾ, ചരിത്രം കണ്ടിട്ടുള്ളവരിൽ വെച്ച് ഏറ്റവും മഹാനാണ് മുഹമ്മദ് (ﷺ)എന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. അദ്ദേഹത്തിന്റെ മഹത്വത്തെ മനസ്സിലാക്കിയ പാശ്ചാത്യർ മതപരമായ പക്ഷപാതിത്വം ഉള്ളതോടൊപ്പം തന്നെ, മറ്റനേകം ചരിത്ര പുരുഷന്മാരെക്കാളും ഉൾക്കാഴ്ചയുള്ള വ്യക്തിത്വമാണ് മുഹമ്മദ്(ﷺ) എന്ന വസ്തുത തുറന്ന് സമ്മതിക്കുകയാണ്.'

പാശ്ചാത്യൻ എഴുത്തുകാരനും ബുദ്ധിജീവിയുമാണ് ഡോ. മൈക്കൽ എച്ച്. ഹാർട്ട്. 1972ൽ ഗോള ശാസ്ത്രത്തിലും, ഇതര ശാസ്ത്ര ശാഖകളിലും പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിൽ നിന്ന് ഇദ്ദേഹം ഡോക്ടറേറ്റ് നേടുകയുണ്ടായി. വിവിധ മേഘലകളിൽ ലോകത്ത് ഏറ്റവും കൂടുതൽ ചലനങ്ങളുണ്ടാക്കിയ മഹാരഥൻ മാരെക്കുറിച്ച് ഇദ്ദേഹം പഠനം നടത്തുകയും, അത്തരം നൂറുപേരുടെ ഒരുലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. അതിൽ പ്രഥമ സ്ഥാനം പ്രവാചകൻ മുഹമ്മദ്(ﷺ)ക്ക് നൽകിക്കൊണ്ട് തന്റെ പഠന റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു: 'ലോകത്ത് വിവിധ മേഘലകളിൽ ഏറ്റവും കൂടുതൽ പ്രതികരണങ്ങളുണ്ടാക്കിയ നൂറ് മഹാന്മാരെക്കുറിച്ച് ഞാൻ തയ്യാറാക്കിയ ഈ ലിസ്റ്റിൽ പ്രഥമസ്ഥാനത്ത് മുഹമ്മദിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. വായ നക്കാരെ ഇത് അൽഭുതപ്പെടുത്തിയേക്കാം. എന്നാൽ എന്റെ വിശ്വാസത്തിൽ മുഹമ്മദ്(ﷺ) മാത്രമാണ് ഭൗതികവും ആത്മീയവുമായ ഇരു മേഘലകളിലും ഒരുപോലെ, പൂർണ്ണമായും വ്യക്തമായും വിജയം വരിച്ച ഒരേയൊരു ചരിത്ര പുരുഷൻ?'

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أجْمَعِين .

****************